പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6818 13.07.2012-ൽ മറുപടിയ്ക്ക്

ദന്ത വദന രോഗങ്ങൾക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ഡി. സതീശൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആരോഗ്യ വകുപ്പിൽ ദന്ത-വദന രോഗങ്ങൾക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ നിലവിലുള്ള ഡന്റൽ ഹൈജീനിസ്റ്റുകളെ ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ദന്തൽ കോളേജിൽ ചികിത്സ തേടി വരുന്ന രോഗികൾക്ക് ദന്ത-വദന രോഗങ്ങൾക്കെതിരെയുള്ള ബോധവത്കരണം അതാതു വിഭാഗത്തിലെ ദന്തഡോക്ടർമാരുടെ നിർദ്ദേശപ്രകാരം ദന്തൽ ഹൈജീനിസ്റ്റുകൾ, ഹൗസ് സർജൻമാർ, പി.ജി വിദ്യാർത്ഥികൾ എന്നിവർ മുഖേന നൽകുന്നുണ്ട്. |
| (ബി) | ഡന്റൽ ഹൈജീനിസ്റ്റുകളെ സംസ്ഥാനത്തെ സ്കൂളുകളിൽ ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നതിന് ചുമതലപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ; | (ബി) | ആരോഗ്യ വകുപ്പിലെ ഡന്റൽ സർജൻമാരാണ് സ്കൂൾ /സാമൂഹ്യ ദന്തപരിശോധനാ ക്യാമ്പുകൾ നടത്തുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുന്നത്. ഡന്റൽ ഹൈജീനിസ്റ്റുകളെ ഇതിൽ സഹായിക്കാൻ നിയോഗിക്കാറുണ്ട്. |
| (സി) | ഡോ. മോഹനൻനായർ കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള പ്രൊമോഷൻ തസ്തികകൾ ഡന്റൽ ഹൈജീനിസ്റ്റുകൾക്ക് അനുവദിച്ച് നൽകുവാൻ നടപടി ഉണ്ടാകുമോ; | (സി) | ഇക്കാര്യം പരിശോധിച്ച ശേഷം മറുപടി നൽകുന്നതാണ്. |
| (ഡി) | ഡന്റൽ ഹൈജീനിസ്റ്റുകളെ 1948 ലെ Dentist Act ന് വിരുദ്ധമായി Dental Chair Side Assistance ജോലികൾ ചെയ്യുവാൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഡന്റൽ ഹൈജീനിസ്റ്റുകൾ, ഡന്റൽ ചെയർസൈഡ് അസിസ്റ്റന്റ് ജോലികൾ കൂടി ചെയ്യണമെന്നത് ഡെന്റിസ്റ്റ് ആക്ട് പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്. ഡെന്റൽ സർജന് ചെയർസൈഡ് അസിസ്റ്റന്റ് അത്യന്താപേക്ഷിതമാണ്. അതിനായി ഡന്റൽ ഹൈജീനിസ്റ്റുകൾ അല്ലാതെ നിലവിൽ മറ്റു വിഭാഗം ജീവനക്കാർ ഇല്ല. ആയതിനാൽ പ്രസ്തുത ജോലിയിൽ നിന്നും ഒഴിവാക്കാനുദ്ദേശമില്ല. |

സെക്ഷൻ ഓഫീസർ